നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2023 ഏപ്രിൽ 16-30 ന്യൂസ് ലെറ്റർ

ഓൺലൈൻ
വായനയ്ക്ക്

## കേരളം ജലബജറ്റ് അവതരിപ്പിക്കുന്ന ആദ്യ സംസ്ഥാനം: മുഖ്യമന്ത്രി



ജലലഭ്യതയും ഉപഭോഗവും കണക്കാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി ജലബജറ്റ് തയ്യാറാക്കിയ സംസ്ഥാനമായി കേരളം മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ ജനകീയ ജലബജറ്റ് പ്രകാശന വും 'ഇനി ഞാനൊഴുകട്ടെ' കാമ്പയിൻ മൂന്നാം ഘട്ടത്തിന്റെ ഭാഗമായ പശ്ചിമഘട്ട നീർച്ചാൽ ശൃംഖലകളുടെ വീണ്ടെ ടുപ്പ് പദ്ധതി ഉദ്ഘാടനവും തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ജലം പാഴാക്കാനുള്ളതല്ല എന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും ജലം സംരക്ഷിക്കുന്നതിനും ശാസ്ത്രീ യമായി നടപ്പാക്കുന്ന പദ്ധതിയാണ് ജനകീയ ജലബജറ്റ്. സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് മാനേജ് മെന്റിന്റെ (CWRDM)സഹായത്തോടെ സംസ്ഥാന ജലവിഭവ വകുപ്പിന്റെ പ്രതിനിധികളും വിവര സാങ്കേതിക മേഖല യിലെ വിദഗ്ധരും ഉൾപ്പെടുന്ന സമിതിയാണ് ജലബ ജറ്റിന് രൂപം നൽകുന്നത്. വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ പൈലറ്റ് അടിസ്ഥാനത്തിലും തുടർന്ന് ആദ്യഘട്ടമായി 15 ബ്ലോക്ക് പഞ്ചായത്തുകളും 94 ഗ്രാമപഞ്ചായത്തുകളുമാണ് ജലബജറ്റ് തയ്യാറാക്കിയത്.

'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാലുകളുടെയും പുഴ കളുടെയും വീണ്ടെടുപ്പിനായി ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത പദ്ധതിയാണ്. പദ്ധതിയുടെ ഭാഗമായി ഒന്നരലക്ഷത്തിലധികം സന്നദ്ധപ്രവർ ത്തകരുടെ കൂട്ടായ്മയിൽ നൂറുകണക്കിന് ജല സ്രോതസ്സുകൾ സംസ്ഥാന വ്യാപകമായി വീണ്ടെ ടുത്തു. വീണ്ടെടുത്ത വരട്ടാറും കുട്ടമ്പേരൂർ ആറിന്റെ പുനരുജ്ജീവനവും മികച്ച മാതൃക കളായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,119 കിലോമീറ്റർ നീർച്ചാ ലുകളുടെ പുനരുജ്ജീവനം സാധ്യമായി. പദ്ധ തിയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി സുര ക്ഷിതമാക്കാം പശ്ചിമഘട്ടം എന്ന പേരിൽ പശ്ചിമഘട്ട പ്രദേശങ്ങളിലെ 9 ജില്ലകളിലായി 230 ഗ്രാമപഞ്ചായത്തുകളുടെ നീർച്ചാലുകളുടെ സ്ഥിതിവിവരം ഉപഗ്രഹ ചിത്രങ്ങളുടെ സഹായ ത്തോടെ അടയാളപ്പെടുത്തുന്ന പ്രവർത്തനം പുരോഗ മിക്കുകയാണ്. ഇതിന് റീബിൽഡ് കേരളയുടെ പൂർണ പിന്തുണയുണ്ട്. ഉപഗ്രഹ സർവേ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്ത ഘട്ടമായ നീർ ച്ചാൽ പുനരുജ്ജീവനം പൂർത്തീകരിക്കാൻ കഴിയുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ജലബജറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ മുഖ്യമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി 2 കോർഡിനേറ്റർ ഡോ. ടി.എൻ. സീമ സ്വാഗതം



ആശംസിച്ചു. ജനകീയ ജലബജറ്റിന്റെ സാങ്കേതിക നിർ വഹണ റിപ്പോർട്ട് റിട്ട. സീനിയർ സയന്റിസ്റ്റ് സുശാന്ത് സി.എം. അവതരിപ്പിച്ചു. ജനകീയ മാപത്തോൺ മാപിംഗ്– പുസ്തകം മന്ത്രി റോഷി അഗസ്റ്റിൻ പ്രകാശനം ചെയ്തു. എം.എൻ.ആർ.ഇ.ജി.എസ്. സ്റ്റേറ്റ് പ്രോഗ്രാം കോർഡിനേ റ്റർ പി. ബാലചന്ദ്രൻ നായർ പുസ്തകം ഏറ്റുവാങ്ങി. ഭൂജല വകുപ്പ് ഡയറക്ടർ ജോൺ വി. സാമുവൽ, ഡപ്യൂട്ടി എൻജിനീയർ പൂർണ, സി.ഡബ്ല്യൂ.ആർ.ഡി.എം. എക് സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി. സാമുവൽ തുടങ്ങിയവർ പങ്കെടുത്തു.



# ഭൂരഹിത-ഭവനരഹിതരായ 174 കുടുംബങ്ങൾക്ക് വീടൊരുങ്ങി

## ലൈഫ് മിഷൻ നിർമ്മിച്ച നാല് ഭവനസമുച്ചയം മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു



കണ്ണൂർ കടമ്പൂരിൽ 44 ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രി താക്കോൽ കൈമാറി. മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. നാല് നിലകളിലായി 44 കുടുംബങ്ങൾക്ക് താമസിക്കാവുന്ന ഫ്ളാറ്റാണ് കണ്ണൂർ കടമ്പൂരിൽ നിർമ്മിച്ചത്. ഓരോ അപ്പാർട്ട്മെന്റിലും ഒരു ഹാൾ, രണ്ടു കിടപ്പ് മുറി, ഒരു അടുക്കള, ഒരു കക്കൂസ്, ഒരു കുളിമുറി, ഒരു ബാൽക്കണി എന്നിവ ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമേ പൊതുവായി ഒരു ഇടനാഴി, ഗോവണി, അഗ്നിശമന സംവിധാനങ്ങൾ, തുടങ്ങി കുടിവെള്ളത്തിനായി കുഴൽ കിണറും കുടിവെള്ള സംഭരണിയും സോളാർ ലൈറ്റ് സംവിധാനവും ഖരമാലിന്യ സംസ്കരണത്തിനുള്ള സംവിധാനവും ജനറേറ്ററുമെല്ലാം സ്ഥാപിച്ചിട്ടുണ്ട്. 41.03 സെന്റിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ആകെ വിസ്തീർണം 26857 ചതുരശ്ര അടിയാണ്. ഇതിൽ ഒരോ വീടിന്റെയും വിസ്തീർണം 511.53 ചതുരശ്ര അടി. ആകെ ചെലവ് 6.70 കോടി രൂപയാണ്.

കൊല്ലം പുനലൂർ മുനിസിപ്പാലിറ്റിയിലെ വീടും ഭൂമിയുമില്ലാത്തവർക്കായി 50 സെന്റിലാണ് ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനസമുച്ചയം നിർമ്മിച്ചത്. നാലു നിലകളിലായി ആകെ 44 യൂണിറ്റുകളാണ് ഉള്ളത്. കെട്ടിടത്തിന്റെ ആകെ വിസ്തീർണം 28857 ചതുരശ്ര അടിയാണ്. ഇതിൽ ഓരോ വീടിന്റെയും വിസ്തീർണം 511.53 ചതുരശ്ര അടി. ആകെ ചെലവ് 7.63 കോടി രൂപയാണ്. മന്ത്രിമാരായ കെ.എൻ. ബാലഗോപാലും ജെ. ചിഞ്ചുറാണിയും ഫ്ളാറ്റുകളുടെ താക്കോൽ ഗുണഭോക്താക്കൾക്ക് കൈമാറി.


ഇടുക്കി കരിമണ്ണൂരിലെ ലൈഫ് ഭവനസമുച്ചയം വീടും ഭൂമിയുമില്ലാത്ത 42 കുടുംബങ്ങൾക്ക് തണലേകും. ഈ കുടുംബങ്ങൾക്ക് മന്ത്രി റോഷി അഗസ്റ്റിൻ താക്കോൽ കൈമാറി. ഓരോ കുടുംബത്തിനും 517 ചതുരശ്ര അടി വിസ്തീർണമുള്ള അപ്പാർട്ട്മെന്റുകളാണ് കരിമണ്ണൂരിൽ ഒരുക്കിയിട്ടുള്ളത്. പൊതു ആവശ്യത്തിനുള്ള ഒരു അംഗനവാടിയും ഒരു വയോജന കേന്ദ്രവും ഇവിടെ പ്രത്യേകം നിർമ്മിച്ചിട്ടുണ്ട്. 50 സെന്റിൽ 28830 ചതുരശ്ര അടി വിസ്തീർണത്തിൽ നിർമ്മിച്ച ഭവനസമുച്ചയത്തിന്റെ ആകെ നിർമ്മാണ ചെലവ് 7.85 കോടി രൂപയാണ്.

കോട്ടയം വിജയപുരത്ത് 55.8 സെന്റിൽ നിർമ്മിച്ച ഭവനസമുച്ചയത്തിൽ നാല് നിലകളിലായി ആകെ 44 യൂണിറ്റുകളാണ് ഉള്ളത്. ആകെ വിസ്തീർണം 26848 ചതുരശ്ര അടിയാണ്. ഇതിൽ ഒരോ വീടിന്റെ വിസ്തീർണം 512 ചതുരശ്ര അടിയാണ്. ആകെ ചെലവ് 7.35 കോടി രൂപ. മന്ത്രി വി.എൻ. വാസവൻ ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറി.

# ജീവിതശൈലീ രോഗപ്രതിരോധത്തിന് നടപടി : മുഖ്യമന്ത്രി

ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പ് വലിയ ഇടപെടൽ നടത്തുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആർദ്രം മിഷൻ ജനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. സമൂഹത്തിലെ രോഗാതുരത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പ് നടപ്പാക്കി വരുന്നതാണ് വാർഷിക പരിശോധനാ പദ്ധതി. പരിശോധനയ്ക്കുള്ള വിമുഖത മാറ്റി എല്ലാവരേയും ഇതിലേക്ക് കൊണ്ടുവരാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്രകേരളം പുരസ്കാരം 2021-22 വിതരണവും 50 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഉദ്ഘാടനവും 2023 ഏപ്രിൽ 17 ന് തിരുവനന്തപുരത്ത് നിശാഗന്ധിയിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സർക്കാരിന്റെ നാല് മിഷനുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഈ മിഷനുകൾക്ക് വലിയ രീതിയിലുള്ള ജനപങ്കാളിത്തമുണ്ടായി. ആർദ്രം മിഷനാണ് കേരളത്തിലെ ആരോഗ്യ രംഗത്ത് പ്രവർത്തിച്ചു വരുന്നത്. ആരോഗ്യ രംഗത്ത് എടുത്ത് പറയത്തക്ക മാറ്റം ഉണ്ടാക്കാൻ ആർദ്രം മിഷനിലൂടെ കഴിഞ്ഞു. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം. കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആ പ്രദേശത്തെ കുടുംബങ്ങളുമായി നേരിട്ട് ബന്ധമുണ്ടാകണം. ജനങ്ങൾക്ക് ആശ്രയിക്കാവുന്ന അവരുടെ ചികിത്സാ കേന്ദ്രമായി കുടുംബാരോഗ്യ കേന്ദ്രം മാറണം. അങ്ങനെ വരുമ്പോൾ ഡോക്ടറും രോഗിയും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടാകും. 100 ദിന കർമ പരിപാടിയിൽ 50 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയാണ്



കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയത്.

ആരോഗ്യ മേഖലയിൽ വന്ന മാറ്റത്തിന്റെ ഗുണഫലം അനുഭവിക്കാൻ കഴിഞ്ഞവരാണ് നമ്മൾ. ലോകം മുഴുവൻ കോവിഡ് വിറപ്പിച്ചപ്പോൾ പല വികസിത രാഷ്ട്രങ്ങളും മുട്ടുകുത്തിയപ്പോൾ കേരളത്തിന് നല്ല രീതിയിൽ പിടിച്ചു നിൽക്കാനായത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സർക്കാർ ആർദ്രം മിഷനിലൂടെ ഇടപെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണ്.

കൂടുതൽ മികവിലേക്ക് ആരോഗ്യമേഖലയെ നയിക്കാനുതകുന്ന പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കുകയാണ്. 2016ൽ ആരോഗ്യ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം 665 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോഴത് നാലിരട്ടിലധികം വർധിച്ച് 2,828 കോടി രൂപയിലെത്തി നില്ക്കുന്നു. വർത്തമാന കാല പ്രതിസന്ധികളെ നേരിട്ടുകൊണ്ടുതന്നെ വരുംകാലത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കുക തന്നെ ചെയ്യും എന്ന് അടിവരയിട്ടുറപ്പിക്കുന്നതാണ് ഈ കണക്കുകളെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആർദ്രം മിഷനിലൂടെ ദൃശ്യമായ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആശുപത്രികളെ ജനസൗഹൃദവും രോഗീ സൗഹൃദവുമാക്കുകയാണ് ലക്ഷ്യം. ആർദ്രം മിഷൻ രണ്ടിലൂടെ 10 കാര്യങ്ങൾ ലക്ഷ്യമിടുന്നു. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് 885 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 630 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി . എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 6 മണിവരെ ഒപി ഉണ്ടാകണം. എങ്കിൽ മാത്രമേ പൂർണമായി സേവനം ലഭ്യമാക്കാനാകൂ എന്നും മന്ത്രി അഭിപ്രായപ്പെട്ടു.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിൽ, മേയർ ആര്യാ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ കേശവേന്ദ്ര കുമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഐ.എസ്.എം. ഡയറക്ടർ ഡോ. കെ.എസ്. പ്രിയ, ഹോമിയോപ്പതി ഡയറക്ടർ ഡോ. കെ. ജമുന, വാർഡ് കൗൺസിലർ ഡോ. കെ.എസ്. റീന എന്നിവർ പങ്കെടുത്തു.

# സർക്കാർ ആശുപത്രികളിൽ രോഗി സൗഹൃദം അന്തരീക്ഷം : മന്ത്രി വീണാ ജോർജ്

ആർദ്രം മിഷനിലൂടെ രോഗീസൗഹൃദ അന്തരീക്ഷം സർക്കാർ ആശുപത്രികളിൽ ഉറപ്പാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 37.5 ലക്ഷം രൂപ ചെലവിൽ കൊല്ലം ജില്ലയിലെ കുളക്കട സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കേരളത്തിലെ ആരോഗ്യ മേഖലയെ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ ഓൺലൈൻ സേവനം നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.



മികച്ച സൗകര്യങ്ങളാണ് സർക്കാർ ആശുപത്രികളിൽ നടപ്പാക്കുന്നതെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

# അപൂർവ രോഗങ്ങൾക്കുള്ള മരുന്ന് ലഭ്യമാക്കാൻ പ്രത്യേക ഫണ്ട്

അപൂർവ രോഗങ്ങൾക്കുള്ള മരുന്ന് ലഭ്യമാക്കാൻ സംസ്ഥാനത്ത് പ്രത്യേക ഫണ്ട് രൂപീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ശൂരനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ആർദ്രം മിഷനിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് രോഗീസൗഹൃദവും ജനസൗഹൃദവുമായ ആശുപത്രികളാണ്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ മുഴുവൻ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്. രോഗിയുടെ പൂർണ വിവരങ്ങൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാകുന്നത് തുടർ ചികിത്സ എളുപ്പമാക്കും. ആശുപത്രികളിൽ പൂർണമായും ഓൺലൈൻ സേവനം നടപ്പാക്കും. ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഉദ്ഘാടനവും ഓൺലൈനായി മന്ത്രി നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, ഏകാരോഗ്യം എന്ന ലക്ഷ്യത്തോടെയാണ് സമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്.

# സാമ്പത്തിക പ്രതിസന്ധിക്കിടയിലും പൊതുവിദ്യാലയങ്ങൾക്കായി സർക്കാർ വൻതുക ചെലവാക്കി: മന്ത്രി വി. ശിവൻകുട്ടി



കോവിഡ് കാലം ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോഴും പൊതുവിദ്യാലയങ്ങൾക്ക് വേണ്ടി വലിയ തുക ചെലവഴിക്കുന്നതു പൊതുവിദ്യാഭ്യാസത്തോടുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടി. രണ്ടുകോടി രൂപ മുടക്കി കോട്ടയം ജില്ലയിൽ പനയ്ക്കച്ചിറ ഗവ. ഹൈസ്കൂളിൽ നിർമിച്ച ഹൈടെക് സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ അക്കാദമിക മികവും മെച്ചപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടികളുടെ ഭാഗമായി വിദ്യാകിരണം മിഷനിൽ ഉൾപ്പെടുത്തി ഉദ്ഘാടനത്തിന് തയ്യാറാകുമെന്ന് കരുതിയത് 67 സ്കൂൾ കെട്ടിടങ്ങളാണ്. എന്നാൽ ഇപ്പോൾ 74 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനത്തിനു സജ്ജമാണ്. ഇതിനായി ചെലവഴിക്കുന്ന തുക 113 കോടി 21 ലക്ഷം രൂപയാണെന്നും മന്ത്രി പറഞ്ഞു.

അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷനായിരുന്നു. ആന്റോ ആന്റണി എം.പി. മുഖ്യപ്രഭാഷണം നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു മുഖ്യാതിഥി ആയിരുന്നു.

# രണ്ടു വർഷത്തിനകം സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്തമാക്കണം: മന്ത്രി എം ബി രാജേഷ്

മാലിന്യസംസ്കരണം സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമാണെന്ന മനോഭാവം മാറണം. ഇതിനായി ജനപ്രതിനിധികൾ ശക്തമായി ഇടപെടണം. തിരുവനന്തപുരം ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ഹരിത കർമസേനയ്ക്കുള്ള ഇലക്ട്രിക് വാഹനങ്ങൾ കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി എം.ബി. രാജേഷ്. ശുചിത്വ കേരളം സാക്ഷാൽക്കരിക്കാനുള്ള കേരളത്തിന്റെ പോരാളികളാണ് ഹരിത കർമസേനയെന്നും മന്ത്രി പറഞ്ഞു. ഇലകമൺ, മാറനല്ലൂർ, ഒറ്റൂർ, നഗരൂർ, പനവൂർ, ചെങ്കൽ, മടവൂർ, കുറ്റിച്ചൽ, കരവാരം, മലയിൻകീഴ്, കാഞ്ഞിരംകുളം, പുല്ലംപാറ, നാവായിക്കുളം, പോത്തൻകോട്, വാമനപുരം, കടയ്ക്കാവൂർ പഞ്ചായത്തുകൾക്കും വർക്കല നഗരസഭയ്ക്കുമാണ് ഇ-വാഹനങ്ങൾ കൈമാറിയത്.



മാലിന്യസംസ്കരണ രംഗത്ത് വാതിൽപ്പടി സേവനം 100 ശതമാനം കൈവരിക്കുകയെന്നതാണ് ലക്ഷ്യം. അജൈവ മാലിന്യം കൃത്യമായി തരംതിരിക്കുന്നതിനായി എം.സി. എഫുകളിലേക്ക് എത്തിക്കാനാകും വാഹനം ഉപയോഗിക്കുക. ഇതോടെ ജില്ലയിലെ 52 തദ്ദേശ സ്ഥാപനങ്ങളിലെ ഹരിത കർമസേനകൾക്ക് ഇ - വാഹനമായി. മറ്റിടങ്ങളിൽ വാടക വാഹനങ്ങളാണ് ഓടുന്നത്. ഇതൊഴിവാക്കാൻ ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഈ വർഷത്തോടെ ഇലക്ട്രിക് വാഹനങ്ങളെത്തിക്കും. ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായി.

# ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണ ഉദ്ഘാടനം മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിച്ചു

കോഴിക്കോട് കോർപ്പറേഷൻ അഴക് ശുചിത്വ പ്രോട്ടോ കോൾ പദ്ധതിയുടെ ഭാഗമായി ഉറവിടമാലിന്യ സംസ്കരണം 100% ആക്കുന്നതിനായി വീടുകളിൽ രൂപപ്പെടുന്ന ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ 10% ഗുണഭോക്തൃ വിഹിതം നൽകിക്കൊണ്ട് ഓരോ വീട്ടുകാർക്കും ലഭ്യമാക്കാനുള്ള ശ്രമത്തിലാണ് കോർപ്പറേഷൻ ഭരണസമിതി. ആദ്യഘട്ടത്തിൽ 21.52 കോടി രൂപയുടെ ഫണ്ട് വകയിരുത്തി 56327 വീടുകൾക്കാണ് വിവിധ തരത്തിലുള്ള ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കുന്നത്. ഇതിനായി വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ഓരോ വാർഡുകളിലും പൈപ്പ് കമ്പോസ്റ്റ്, ബൊക്കാഷി ബക്കറ്റ്, ജീബിൻ ത്രീ ബിൻ സിസ്റ്റം, ബയോഗ്യാസ് പ്ലാൻറ്, റിംഗ് കമ്പോസ്റ്റ് എന്നിവയുടെ പ്രദർശനം നടത്തി ഗുണഭോക്തൃ ലിസ്റ്റ് ശേഖരിക്കുകയാണ് ചെയ്തത്. ഇപ്രകാരം 20000 പേരാണ് നിലവിൽ അപേക്ഷ നൽകിയിട്ടുള്ളത്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്നതിനെ അടിസ്ഥാനമാക്കി ശാസ്ത്രീയമാലിന്യ സംസ്ക്കരണം ജീവിത ശൈലിയുടെ ഭാഗമാക്കി ശീലവൽക്കരണത്തിലേക്ക് എല്ലാ വീട്ടുകാരേയും സ്ഥാപന ഉടമകളെയും കൊണ്ടുവരാനാണ് ശ്രമമെന്ന് കോർപ്പറേഷൻ സെക്രട്ടറി ബിനി യു.കെ. പറഞ്ഞു.




2023 ഏപ്രിൽ 17 ന് രാവിലെ 9.30 ന് ടാഗോർ സെന്റനറി ഹാളിൽ വെച്ച് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് അധ്യക്ഷത വഹിച്ച ചടങ്ങിൽ 61-ാം വാർഡിലെ 4 ഗുണഭോക്താക്കൾക്ക് ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികൾ നൽകിക്കൊണ്ട് തുറമുഖം, എക്സൈസ്, പുരാവസ്തു, മ്യൂസിയംവകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം നിർവഹിച്ചു.

# പത്തനംതിട്ടയിൽ സമ്പൂർണ്ണ ശുചിത്വ ജില്ലാ കാമ്പയിന്റെ ഭാഗമായി ശിൽപശാല

ജില്ലാ ആസൂത്രണ സമിതി നടപ്പിലാക്കുന്ന സമ്പൂർണ്ണ ശുചിത്വ ജില്ലാ കാമ്പയിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാതല ശിൽപശാല ഉദ്ഘാടനം ഏപ്രിൽ 4 ന് കലക്ടർ ഡോ. ദിവ്യ എസ്. അയ്യർ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി എന്നിവരും ചേർന്നാണ് നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല പദ്ധതി നടപ്പാക്കുന്നത്. ഏപ്രിൽ മാസത്തിൽ ഈ പരിപാടിയുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ഗൃഹ സന്ദർശനം, വാർഡ് തല ശുചിത്വ ഘോഷയാത്ര, ശുചിത്വ സെമിനാർ എന്നിവ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടന്നു. പൊതു ഇടങ്ങളിൽ ശുചീകരണം, ശുചിത്വ സർവേ, സമ്പൂർണ്ണ ഹരിത




കർമസേന ജില്ലാ പ്രഖ്യാപനം തുടങ്ങിയ പദ്ധതികൾ മെയ് മാസത്തിൽ പൂർത്തിയാക്കും. മുൻ ധന കാര്യ മന്ത്രി തോമസ് ഐസക്, ശുചിത്വമിഷൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഡയറക്ടർ ജ്യോതിഷ് ചന്ദ്രൻ, എം.ജി.എൻ.ആർ.ഇ.ജി.എസ് ജോയിന്റ് ഡയറക്ടർ പി. ബാലചന്ദ്രൻ നായർ എന്നിവർ പദ്ധതിയെ കുറിച്ച് വിശദീകരിച്ചു.

# വൈക്കം സത്യഗ്രഹ ശതാബ്ദി ആഘോഷം
# മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഹരിത കർമസേന

ഒരു വർഷം നീണ്ടുനിൽക്കുന്ന വൈക്കം സത്യഗ്രഹ ശതാബ്ദി ആഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2023 ഏപ്രിൽ 1 ന് വൈക്കം ബീച്ചിൽ വച്ച് നടന്നു. തമിഴ് നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ, കേരള മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരാണ് ചടങ്ങിന്റെ ഉദ്ഘാടന നിർവഹണം നടത്തിയത്. ചടങ്ങിൽ മന്ത്രി സജി ചെറിയാൻ സ്വാഗതം അർപ്പിച്ചു. മന്ത്രി വി.എൻ. വാസവൻ ചടങ്ങിന്റെ അധ്യക്ഷത വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് വൈക്കം നഗരസഭ ഹരിത കർമസേനാംഗങ്ങൾ നേതൃത്വം നൽകി. പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കർമസേന ാംഗങ്ങളുടെ നേതൃത്വത്തിൽ സ്റ്റേഡിയത്തിന് ചുറ്റുമായി ഓലകൊണ്ട് നിർമ്മിച്ച വല്ലങ്ങൾ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ എം.സി.എഫ് ലേക്ക് നീക്കം ചെയ്യുകയും ചെയ്തു. സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കുന്ന ജനങ്ങൾക്ക് പ്ലാസ്റ്റിക് കൃത്യമായി



ബിന്നുകളിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായും ജനങ്ങളിൽ നിന്ന് പ്ലാസ്റ്റിക് കുപ്പി ശേഖരിക്കുന്നതിനായും രണ്ടുപേരടങ്ങുന്ന ടീമായാണ് ഹരിത കർമസേനാംഗങ്ങൾ പ്രവർത്തനം നടത്തിയത്.

# കുരിശുമുടി തീർത്ഥാടനത്തിൽ ഹരിതചട്ടം

കുരിശുമുടി തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഹരിതചട്ടം പാലിക്കുന്നതിനും ഹരിത കർമസേനയ്ക്ക് അജൈവ മാലിന്യം കൈമാറുന്നതിനുമുള്ള ബോധവത്ക്കരണ കാമ്പയിൻ എറണാകുളം ജില്ലയിലെ മലയാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിൽസൺ കോയിക്കര ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മാലിന്യ സംസ്ക്കരണ



പ്രവർത്തനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതിലും കൈ കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു.

കാമ്പയിൻ പ്രവർത്തനത്തിന് മലയാറ്റൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ, കാലടി ആശുപത്രിയുടെ കീഴിലുള്ള എച്ച്.ഐ, ജെ.എച്ച്. ഐ.മാർ, ഹരിതകേരളം മിഷൻ ആർ.പി., ഇന്റേൺ, ഹരിത കർമസേനാംഗങ്ങൾ, ജനപ്രതിനിധികൾ, കാലടി ശ്രീശങ്കര കോളേജിലെ എൻ.എസ്.എസ്. വാളണ്ടിയർമാർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ കടകളും സ്ഥാപനങ്ങളിലും കാമ്പയിന്റെ ലക്ഷ്യവും പ്രവർത്തനവും വിശദികരിച്ചു .

കാമ്പയിന്റെ ഭാഗമായി പേപ്പർ ഗ്ലാസ്സ്, പേപ്പർപ്ലേറ്റ് ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തുടങ്ങിയവ കർശനമായി നിരോധിച്ചു.

# ക്ലീൻ കൂടോത്തുമ്മൽ കാമ്പയിൻ

വയനാട് ജില്ലയിലെ ചീക്കല്ലൂർ ദർശന ലൈബ്രറിയുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെയും കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ നടപ്പാക്കി വരുന്ന ക്ലീൻ കൂടോത്തുമ്മൽ കാമ്പയിനിന്റെ ഭാഗമായി ടൗൺ ശുചീകരണം നടന്നു. വലിച്ചെറിയൽ മുക്ത കേരളം മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായാണ് ശുചീകരണം സംഘടിപ്പിച്ചത്. വായനശാല പ്രസിഡന്റ് ശിവൻപിള്ള മാസ്റ്റർ, സെക്രട്ടറി പി. ബിജു, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു മുതലായവർ നേതൃത്വം നൽകി. എല്ലാ മാസത്തേയും ഇടവേളകളിൽ വായനശാല പ്രവർത്തകരുടെയും മറ്റു സംഘടനകളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ അജൈവ മാലിന്യം ശേഖരിക്കുന്നു. കടകളിൽ പ്ലാസ്റ്റിക്കും, പേപ്പറും



ശേഖരിക്കുന്നതിനു പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്നതിനെതിരെയും അജൈവ മാലിന്യം ഹരിത കർമസേനക്ക് കൈമാറുന്നതിനും പ്രത്യേക കാമ്പയിൻ സംഘടിപ്പിക്കും.

# നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

അജൈവ പാഴ്വസ്തു ശേഖരണത്തിനായി പത്തനംതിട്ട നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയുടെ ഉദ്ഘാടനം റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായണൻ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ബീന ജോബി അധ്യക്ഷത വഹിച്ചു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ജനകീയ പിന്തുണയോടെ നടപ്പാക്കുന്നതിന് വിവിധ കാമ്പയിനുകൾ സംഘടിപ്പിക്കണമെന്നും മാലിന്യ സംസ്കരണ മേഖലയിൽ മാതൃകാപരമായ മുന്നേറ്റങ്ങളാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നതെന്ന് ഉദ്ഘാടനം നിർവ്വഹിച്ചു എം.എൽ.എ. കൂട്ടിച്ചേർത്തു. നാറാണംമുഴി ഗ്രാമപഞ്ചായത്ത് നവകേരളം വൃത്തിയുള്ള കേരളം മാലിന്യരഹിത



പഞ്ചായത്ത് എന്ന ലക്ഷ്യത്തിൽ എത്തുവാനും, ഹരിത കർമസേന കൂടുതൽ മെച്ചപ്പെടുത്താനും തുടർ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.

# കടമ്പനാട് ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിക്ക് തുടക്കം

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയിൽ പത്തനംതിട്ട ജില്ലയിൽ കടമ്പനാട് ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. കാലാവസ്ഥ വ്യതിയാനത്തിന്റെ മുഖ്യ കാരണമായി കണക്കാക്കപ്പെടുന്ന ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ ലഘൂകരിക്കുക



എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനവും നവകേരളം കർമപദ്ധതിയുടെയും സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. കടമ്പനാട് ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ വിശദീകരണവും സാങ്കേതിക സമിതിയുടെ രൂപീകരണവും നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയങ്ക പ്രതാപ് യോഗത്തിന്റെ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ ആർ അജിത് കുമാർ, ഡോ. കെ.പി. കൃഷ്ണൻകുട്ടി (റിട്ട. പ്രിൻസിപ്പാൾ) എന്നിവർ പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, മറ്റു ജനപ്രതിനിധികൾ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഹരിതം ആരോഗ്യം

നവകേരളം കർമപദ്ധതി 2 ൽ ഹരിതകേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന 'ഹരിതം ആരോഗ്യം' വയനാട് ജില്ലാതല പരിപാടിക്ക് തുടക്കമായി. ജില്ലയിലെ മുഴുവൻ ഹരിത കർമസേന ാംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തുന്നതാണ് പരിപാടി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ കാമ്പയിൻ ഉദ്ഘാടനം ചെയ്തു. കോട്ടത്തറ, കണിയാമ്പറ്റ ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേനാംഗങ്ങൾക്കാണ് ക്യാമ്പ് നടത്തിയത്.

സംസ്ഥാനത്തെ മുഴുവൻ ഹരിത കർമസേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. പ്രാഥമിക ഘട്ടത്തിൽ ജില്ലയിലെ രണ്ട് പഞ്ചായത്തുകളിലെ അംഗങ്ങൾക്കാണ് ആരോഗ്യ പരിശോധന നടന്നത്. ക്യാമ്പിൽ 43 പേരാണ് പങ്കെടുത്തത്.

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ആനേരി കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടിയിൽ കോട്ടത്തറ ഗ്രാമ



പഞ്ചായത്ത് പ്രസിഡന്റ് പി.പി. റനീഷ് അധ്യക്ഷത വഹിച്ചു. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കമല രാമൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു, ആർദ്രം ജില്ലാ നോഡൽ ഓഫീസർ ഡോ. സുഷമ പി.എസ്., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ദിനീഷ് പി. എന്നിവർ സംസാരിച്ചു.



# ഇടുക്കിയിലെ നാല് ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പൂർത്തീകരിച്ചു

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ റീ ബിൽഡ് കേരളയുടെ പിന്തുണയോടെ ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കിലെ കൊന്നത്തടി, വെള്ളത്തൂവൽ, പള്ളിവാസൽ, ബൈസൺവാലി ഗ്രാമപഞ്ചായത്തുകളിലായി 243 നീർച്ചാലുകളുടെ മാപ്പിംഗ് പൂർത്തീകരിച്ചു.

'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി ജില്ലയിൽ ഇതുവരെ 17 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പൂർത്തിയാക്കി. വന്യമൃഗ സാന്നിദ്ധ്യത്തിന് ഏറെ സാധ്യതയുള്ളതും ദുർഘടമായ പാതകളും ഉള്ള സ്ഥലങ്ങളിലൂടെ ശ്രമകരമായാണ് ഇടുക്കി ജില്ലാ ഹരിതകേരളം മിഷൻ ടീം അംഗങ്ങൾ ഇവിടെ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

# എടവക ഗ്രാമപഞ്ചായത്തിൽ മാപത്തോൺ

കബനിക്കായ് വയനാട് എടവക ഗ്രാമപഞ്ചായത്തിൽ മാപത്തോണിനു തുടക്കം കുറിച്ചു. ഹരിതകേരളം മിഷന്റെ കബനിക്കായ് വയനാട് കാമ്പയിനിന്റെ ഭാഗമായുള്ള നീർച്ചാൽ മാപത്തോണിനു എടവക ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രദീപ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജംഷീറ ഷിഹാബ് അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു ക്യാമ്പയിൻ വിശദീകരിച്ചു.ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഷിഹാബ് ആയത്ത്, വാർഡ് മെമ്പർമാരായ അഹമ്മദ്കുട്ടി ഇബ്രാഹിം, വത്സൻ, NREGA AE സലീം എന്നിവർ



സംസാരിച്ചു. തൊഴിലുറപ്പ് അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, പ്രദേശവാസികൾ, നവകേരളം കർമപദ്ധതി ആർ.പി. മാർ തുടങ്ങിയവർ പങ്കെടുത്തു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01